# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

07/03/2018-ലെ മറുപടി

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 1698*

## കേരളത്തിലെ ജലപാതകളുടെ സാധ്യതകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി. സത്യൻ**<br>**ശ്രീമതി. യു. പ്രതിഭ ഹരി**<br>**ശ്രീ. എം. രാജഗോപാലൻ**<br>**ശ്രീ. എൻ. വിജയൻ പിള്ള** | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
| (എ) കേരളത്തിലെ ജലപാതകളുടെ സാധ്യതകൾ സംസ്ഥാന വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്ത നങ്ങൾ ഊർജിതമായി നടന്നുവരുന്നു. ഇതിനായി കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് എന്ന പബ്ലിക്ക് ലിമിറ്റഡ് കമ്പനി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജലപാത നിർമ്മാണം പൂർത്തിയാകു ന്നതോടുകൂടി റോഡുകളിലെ ഗതാഗത തിരക്കുകൾക്ക് പരിഹാരം ഉണ്ടാവുന്ന താണ്. അപകടകര മായ രാസവസ്തുക്കൾ ഉൾപ്പെടെയുള്ള ചരക്കുകളുടെ നീക്കം പൂർണ്ണമായും ജലപാതകളിലേക്ക് മാറ്റുവാനും അതുവഴി ചിലവു കുറഞ്ഞതും അപകടരഹിതവുമായ ഗതാഗതം സധ്യമാകുന്നതുമാണ്. വിനോദ സഞ്ചാര മേഖലയിലെ പുരോഗതി കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് ജലപാത വികസനം ആസൂത്രണം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | കോവളം-കാസർഗോഡ് ജലപാതയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി ജലപാതാനിർമ്മാണം പൂർത്തീകരിക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ നിർമ്മാണ പുരോഗതി എല്ലാമാസവും അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പണികളുടെ പുരോഗതി വിലയിരുത്തുന്നതിനും തീരുമാനമായിട്ടുണ്ട്. |
| (സി) | ഇതിനാവശ്യമായി വരുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ ; ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് ഇതിനുള്ള പണം കണ്ടെത്താൻ ഉദ്ദേശിക്കുന്നത് ; | (സി) | പ്രാരംഭഘട്ടത്തിൽ ഉദ്ദേശം 2300 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ ചെലവ് സംസ്ഥാന പദ്ധതി വിഹിതം, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB), മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവ മുഖേന കണ്ടെത്താമെന്ന പ്രതീക്ഷിക്കുന്നു. |
| (ഡി) | ദേശീയ ജലപാത സംസ്ഥാനത്തെ ടൂറിസം വികസനത്തിന് കൂടി പ്രയോജനകരമാകത്തക്ക വിധം ആസൂത്രണം ചെയ്യുമോ ? | (ഡി) | ടൂറിസം വികസനത്തിന്റെ സാധ്യതകൾ പരിഗണിച്ചാണ് മൂന്നാം ഘട്ടത്തിൽ ജലപാത വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കോവളം മുതൽ ബേക്കൽ വരെയുള്ള കനാൽ ദേശീയപാത നിലവാരത്തിൽ പൂർത്തിയാക്കി ചരക്കു ഗതാഗതം പ്രോത്സാഹിപ്പിക്കുകയും കനാലിന്റെ വിവിധ ഭാഗങ്ങളിൽ ടൂറിസം വില്ലേജുകൾ സ്ഥാപിച്ച് ടൂറിസം പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ്വേകുവാനുമാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**